(സി) 135 തടവുകാരെ

(ഡി) ആന്റ് (ഇ) ജയിൽ റിവ്യൂ കമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അന്തിമ തീരുമാനം എടുക്കുന്ന മുറയ്ക്ക് അവരുടെ പേരുകൾ വെളിപ്പെടുത്തുന്നതാണ്.

വിട്ടയയ്ക്കപ്പെട്ട തടവുകാർ

88 [1605] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജയിൽ അഡ്വൈസറി കമ്മിറ്റി, റിവ്യൂ കമ്മിറ്റി എന്നിവയുടെ ശുപാർശ പ്രകാരം എത്ര തടവുകാരെ സർക്കാർ വിട്ടയച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പത്ത് വർഷം മുതൽ 20 വർഷം വരെ ശിക്ഷ പൂർത്തിയാക്കിയ എത്ര ജീവപര്യന്തം തടവുകാർ കേരളത്തിലെ ജയിലുകളിൽ കഴിയുന്നു എന്ന് വ്യക്തമാക്കാമോ;

(സി) തടവുകാരുടെ മോചനത്തിന് പ്രത്യേക ഇളവ് വ്യവസ്ഥകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇത്തരത്തിൽ ശിക്ഷ ഇളവുകിട്ടിയ എത്ര തടവുകാരെ കേരളത്തിലെ ജയിലുകളിൽ നിന്നും ഈ സർക്കാമിന്റെ കാലയളവിൽ വിടുതൽ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) ആരെയും വിടുതൽ ചെയ്തിട്ടില്ല.

(ബി) 254 തടവുകാർ

(സി) അംബേദ്കർ ജന്മശതാബ്ദിയോടനുബന്ധിച്ച് 11-9-1991-ലെ ജി. ഒ. (ആർ‌ടി.) 4464/91/ഹോം എന്ന ഉത്തരവ് പ്രകാരവും ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതിന്റെ 50-ാം വാർഷികം പ്രമാണിച്ച് 22-9-1997-ലെ ജി. ഒ. (ആർ‌ടി.) 4150/97/ഹോം എന്ന ഉത്തരവ് പ്രകാരവും മില്ലേനിയം ആഘോഷപരിപാടിയുടെ ഭാഗമായി 4-4-2000-ലെ ജി. ഒ. (എംഎസ്.) 87/2000/ഹോം എന്ന ഉത്തരവ് പ്രകാരവും അങ്ങനെ മൂന്നു തവണ സർക്കാർ, തടവുകാർക്ക് പ്രത്യേക ശിക്ഷാ ഇളവ് നൽകുകയും അതനുസരിച്ച് അവരെ വിടുതൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ജയിൽ വകുപ്പിലെ ഫീമെയിൽ വാർഡർമാർ

89 [1606] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജയിൽ വകുപ്പിൽ ആകെ എത്ര ഫീമെയിൽ വാർഡർമാർ ഉണ്ടെന്ന് വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly